"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ല - ആലത്തൂർ ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.അബ്ദുൾ നാസർ, മുൻ സീനിയർ ക്ലാർക്ക് ശ്രീ.എസ്. ഹംസ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.899/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/04/2021

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19/01/2018 ലെ E 12 (SC 13/17/PKD) 39530/2017 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 02/06/2018 ലെ VIG-D4/171/2018-VIG നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 06/10/2018 ലെ PAN/23894/2018/D10(DP) നടപടിക്രമങ്ങൾ.
4. പഞ്ചായത്ത് ഡയറക്ടറുടെ 31/10/2018 ലെ PAN/23894/2018 നമ്പർ കത്ത്.
5. ശ്രീ. ഹംസ സമർപ്പിച്ച 3.11.2018 ലെ അപേക്ഷ.
6. ശ്രീ. അബ്ദുൽ നാസർ സമർപ്പിച്ച 15.10.2018 ലെ അപേക്ഷ.
7. സർക്കാരിന്റെ 13/11/2018 ലെ ഇപിബി3/204/2018/തസ്വഭവ നമ്പർ കുറ്റ പത്രങ്ങൾ.
8. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇ.കെ.എം) 2005/2018 മ്മേലുള്ള 21/11/2018-ലെ വിധിന്യായം.
9. സർക്കാരിന്റെ 18.12.2018 ലെ സ.ഉ(സാധാ)3187/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
10. പഞ്ചായത്ത് ഡയറക്ടറുടെ 05.01.2019 ലെ PAN/23894/2018/D10(DP) നടപടിക്രമങ്ങൾ.
11. ശ്രീ. ഹംസ സമർപ്പിച്ച 14.12.2018 ലെ എതിർവാദ പത്രിക.
12. ശ്രീ.അബ്ദുൽ നാസർ സമർപ്പിച്ച 14.12.2018 ലെ എതിർവാദ പത്രിക
13. പഞ്ചായത്ത് ഡയറക്ടറുടെ 23/03/2019 ലെ PAN/23894/2018 നമ്പർ കത്ത്.
14. സർക്കാരിന്റെ 04/06/2019-ലെ ഇപിബി3/204/2018/തസ്വഭവ നമ്പർ കാരണംകാണിക്കൽ നോട്ടീസ്
15. ശ്രീ.അബ്ദുൾ നാസറിന്റെ 20/06/2019 ലെ എതിർവാദ പത്രിക
16. സർക്കാരിന്റെ 21/08/2019 ലെ സ.ഉ(സാധാ)1798/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

17 പഞ്ചായത്ത് ഡയറക്ടറുടെ 19/09/2019 ലെ PAN/23894/2018 നമ്പർ കത്ത്.

18 പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26/11/2019 ലെ എ.വി.എസ് 13493/2018 ലെ റിപ്പോർട്ട്

19. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 23/02/2021 ലെ A1-2/82/2020-PSC നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ നിയമവിരുദ്ധമായി കെട്ടിടനിർമ്മാണാനുമതി നൽകിയെന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത മിന്നൽ പരിശോധന റിപ്പോർട്ടിലെ ശുപാർശകളുടെ

അടിസ്ഥാനത്തിൽ ആലത്തൂർ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. അബ്ദുൾ നാസർ, സീനിയർ ക്ലാർക്ക് ശ്രീ. എസ്. ഹംസ എന്നിവരെ പരാമർശം (3) പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ടിയാളുകൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (7) പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുമുണ്ടായി. തുടർന്ന് ശ്രീ. ഹംസ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം) 2005/2018-ന്മേൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച 21.11.2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മുൻ സെക്രട്ടറി ശ്രീ. അബ്ദുൾ നാസർ, സീനിയർ ക്ലാർക്ക് ശ്രീ. എസ്. ഹംസ എന്നിവരുടെ സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പുന: പ്രവേശിപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (10) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് പരാമർശം (11) പ്രകാരം ടിയാളുകളെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. കുറ്റപത്രത്തിന് ശ്രീ.എസ്. ഹംസ, ശ്രീ.അബ്ദുൾ നാസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (13) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീ.അബ്ദുൾ നാസർ 31.03.2019 ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ KCS (CC &A ) ചട്ടങ്ങൾ പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരാൻ സാധിക്കാത്തതിനാൽ പരാമർശം (14) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ടിയാൻ ആയതിനു പരാമർശം (15) പ്രകാരം എതിർവാദ പത്രിക ലഭ്യമാക്കുകയും ഉണ്ടായി. ടിയാളുകൾക്കെതിരെ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ടിയാളുകൾക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (16) പ്രകാരം പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (18) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ടിയാളുകൾക്കെതിരായ കുറ്റാരോപണവും അതിന്മേലുള്ള കണ്ടെത്തലുകളും ചുവടെ കുറിക്കും പ്രകാരമാണ്.

* കുറ്റാരോപണം 1 - ആലത്തൂർ ഇഷാ അത്തുൽ ഇസ്ലാമിക് ചാരിറ്റബിൾ സൊസൈറ്റി ചെയർമാന്റെ പേരിലുള്ള മദ്രസ ഹാൾ നിർമാണത്തിന് മാത്രമായി കെ.എൽ.യു. അനുമതി ലഭ്യമാക്കിയില്ല.

. മേൽ ആരോപണം സംബന്ധിച്ച്, ശ്രീ.അബ്ദുൾനാസർ, ശ്രീ.എസ്.ഹംസ എന്നിവർ സമർപ്പിച്ച വാദം പരിശോധിച്ചതിൽ 156.5 സെന്റ് സ്ഥലം കെ.എൽ.യു അനുമതി ലഭിച്ചതാണെന്നും കെ.എൽ.യു അനുമതി ആവശ്യമില്ലാത്ത സ്ഥലമാണെന്ന് അപേക്ഷകൻ സമർപ്പിച്ചതിൽ ഏകദേശം 32 സെന്റ് സ്ഥലം നിർദിഷ്ട മദ്രസ്സ ഹാൾ നിർമ്മാണത്തിന് മതിയാകുമെന്നതിനാലും എൽ.എസ്.ജി.ഡി ഓവർസീയറുടെ അനുകൂല റിപ്പോർട്ടിനെ തുടർന്നാണ് നിർമ്മാണാനുമതി നൽകിയതെന്നാണ് കുറ്റാരോപിതർ അവകാശപ്പെടുന്നത്. എന്നാൽ ഉത്തരവുകൾ പരിശോധിച്ചത് പ്രകാരം കെ.എൽ.യു അനുമതി ലഭിച്ചിട്ടുള്ളതിൽ ആകെ 60 സെന്റ് സ്ഥലം മാത്രമാണ് ഉൾപ്പെടുന്നത്. 156.5 സെന്റ് സ്ഥലത്തിന് കെ.എൽ.യു അനുമതി ലഭിച്ചതായി കാണുന്നില്ല എന്നും കൂടാതെ എൽ.എസ്.ജി.ഡി ഓവർസീയറുടെ റിപ്പോർട്ടിൽ നിലം-പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിക്കുന്ന കെട്ടിടം എന്നാണ് രേഖപെടുത്തിയിട്ടുള്ളത്. കൂടാതെ ഏതെങ്കിലും പ്രത്യേക സർവ്വേ നമ്പറിലാണ് നിർമ്മാണം നടക്കുന്നതെന്ന് അപേക്ഷയിലോ, പ്ലാനിലോ രേഖപെടുത്തിയിട്ടില്ലെന്നും കെ.എൽ.യു അനുമതി ഇല്ലാതെ തന്നെ നിർമാണയോഗ്യമാണെന്ന് അപേക്ഷകൻ പ്ലാനിൽ വ്യക്തമായി രേഖപെടുത്തിയിട്ടുള്ളതാണ് എന്ന വാദം അംഗീകരിക്കാവുന്നതല്ല എന്നും അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിന്മേൽ പരിശോധന നടത്തി ഏത് സർവ്വേ നമ്പറിലാണ് നിർമ്മാണം നടത്തുന്നതെന്ന് പെർമിറ്റ് അനുവദിച്ചതിൽ വ്യക്തമാക്കിയിട്ടില്ലാത്തതാണ് എന്നും നിലം വിഭാഗത്തിലുള്ള സ്ഥലത്ത് മദ്രസ്സ ഹാൾ നിർമാണത്തിനു കെ.എൽ.യു അനുമതി ലഭിക്കാതെ

കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചത് സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും വീഴ്ചയായി കണക്കാക്കാവുന്നതാണ് എന്നും ആവശ്യമായ രേഖകളുടെ പരിശോധന നടത്തിയിട്ടില്ലാത്തതായി കാണുന്നു എന്നും കൂടാതെ ആലത്തൂർ വില്ലേജ് ഓഫീസറുടെ 23.02.2017 ലെ റിപ്പോർട്ട് പ്രകാരം റീസർവ്വേ 266/4 പ്പെട്ട സ്ഥലത്താണ് നിർമ്മാണം നടന്നുവരുന്നതെന്ന് സെക്രട്ടറിയെ അറിയിച്ചതായി കാണുന്നു എന്നും ആയതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച സമയത്ത് നിലം വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥലത്താണ് നിർമ്മാണം നടത്തിയതെന്ന് ഉറപ്പാക്കാവുന്നതാണ് എന്നും ബഹു. കേരള ഹൈക്കോടതിയുടെ 05.03.2018 തീയതിയിലെ ഡബ്ള്യു പി.സി. 7737/2017 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 24.05.2018 ലെ എ2-2276/2018 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം 266/3, 4, 5 എന്നീ റീസർവ്വേ നമ്പറിൽപെട്ട സ്ഥലം ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു എന്നും എന്നാൽ വിധിന്യായത്തിൽ ആർ.ഡി.ഒ യിൽ നിന്ന് കെ.എൽ.യു ഉത്തരവ് വാങ്ങി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നതിനും ഉത്തരവായിട്ടുള്ളതാണ് എന്നും ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കിയെങ്കിലും കെ.എൽ.യു അനുമതി ലഭ്യമാക്കിയിട്ടില്ലാത്തതാണെന്ന് എന്നും ആയതിനാൽ ടിയാളുകളുടെ വാദം അംഗീകരിക്കാവുന്നതല്ല എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

* കുറ്റാരോപണം 2- ഇഷാ അത്തുൽ ഇസ്ലാമിക് ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രസ്സിന്റെയും കോളേജിന്റെയും നിർമ്മാണ ആവശ്യത്തിനായി റീസർവ്വേ നമ്പർ 266/4 ൽ ഇരുപത് സെന്റ് സ്ഥലത്തിന് 2007 വർഷത്തിൽ കെ.എൽ.യു ലഭിച്ചിട്ടുള്ളതിൽ 17.48 സെന്റ് സ്ഥലം മേല്പറഞ്ഞ ആവശ്യത്തിനായി ഉപയോഗിക്കുകയും ആയതിൽ 2.52 സെന്റ് ബാക്കിയുള്ളതാണെന്നും, പിന്നീട് റീസർവ്വേ നമ്പർ 266/3,4,5,10 ൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും കെ.എൽ.യു ലഭിക്കാതെ 1494 ചതുരശ്രമീറ്ററിൽ മദ്രസ്സ ഹാൾ നിർമ്മാണത്തിനായി അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകളുടെ യാഥാർഥ്യം പരിശോധിക്കാതെ കെട്ടിടനിർമ്മാണാനുമതി നൽകിയത്.

മേൽ ആരോപണത്തിന്മേൽ അന്വേഷണം നടത്തിയതിൽ അപേക്ഷയോടൊപ്പം രണ്ട് കെ.എൽ.യു അനുമതികൾ ലഭിച്ചതിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്തതായും ടി രേഖകളുടെ പകർപ്പുകൾ പരിശോധിച്ചതിൽ പാലക്കാട് സബ്കളക്ടറുടെ 05.02.1987 ലെ 691/87 നമ്പർ പ്രകാരം പള്ളി നിർമ്മാണത്തിനായി 40 സെന്റ് കെ.എൽ.യു അനുമതി ലഭിച്ചിട്ടുള്ളതായും പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസർ അനുവദിച്ചിട്ടുള്ള 19.04.2007 ലെ 680/07 പ്രകാരമുള്ള പ്രസ്, കോളേജ് നിർമ്മാണത്തിനായുള്ള 20 സെന്റ് സ്ഥലത്തിനുള്ള കെ.എൽ.യു അനുമതി ലഭിച്ചിട്ടുള്ളതായും കാണുന്നു എന്നും അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള കെ.എൽ.യു അനുമതികൾ പ്രകാരം ആകെയുള്ള 60 സെന്റ് കെ.എൽ.യു അനുമതിയിൽ 28.17 സെന്റ് സ്ഥലം ഉപയോഗിച്ചിട്ടുള്ളതായും 31.83 സെന്റ് സ്ഥലം ഉപയോഗിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ 266/10 നമ്പർ സർവ്വേ നമ്പറിൽപെട്ട 40 സെന്റ് സ്ഥലം പുരയിടം വിഭാഗത്തിൽപെട്ടതുമാണ്. മദ്രസ്സ ഹാൾ നിർമ്മിക്കുന്നത് 32 സെന്റ് സ്ഥലം മതിയാവുന്നതും ഏതെങ്കിലും പ്രത്യേക സർവ്വേ നമ്പറിലാണ് ടി മദ്രസ്സ ഹാൾ നിർമ്മിക്കുന്നതെന്ന് അപേക്ഷയിലോ, പ്ലാനിലോ വ്യക്തമാക്കിയിട്ടില്ലാത്തതുമാണെന്ന ടിയാളുടെ വാദത്തിൽ ആലത്തൂർ വില്ലേജ് ഓഫീസറുടെ 23.02.2017 ലെ റിപ്പോർട്ട് പ്രകാരം റീസർവ്വേ 266/10 ഉൾപ്പെട്ട സ്ഥലത്താണ് നിർമ്മാണം നടന്നുവരുന്നതെന്ന് സെക്രട്ടറിയെ അറിയിച്ചതായി കാണുന്നു. ആയതിനാൽ റീസർവ്വേ 260/4 ൽ ഉൾപെട്ട സ്ഥലം നിലം വിഭാഗത്തിൽ ആയതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച സമയത്ത് നിലം വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥലത്താണ് നിർമ്മാണം നടത്തിയതെന്ന് ഉറപ്പാക്കാവുന്നതാണ് എന്നും അപേക്ഷകൻ ഏതെങ്കിലും പ്രത്യേക സർവ്വേ നമ്പറിലാണ് നിർമ്മിക്കുന്നതെന്ന് അപേക്ഷയിലോ പ്ലാനിലോ വ്യക്തമാക്കിയിട്ടില്ലെങ്കിലും, ആയത് അനുവദിച്ച സെക്രട്ടറി ഏത് സർവ്വേ നമ്പറിലാണ് നിർമ്മാണം നടത്തുന്നതെന്ന് വ്യക്തത വരുത്തേണ്ടതും ന്യൂനതകൾ ഉള്ള പക്ഷം ആയത് അപേക്ഷകനെ അറിയിക്കേണ്ടിയിരുന്നതാണ് എന്നും രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ലാത്തതുമാണെന്നും ആയതിനാൽ ടിയാളുകളുടെ വാദം അംഗീകരിക്കാവുന്നതല്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുറ്റാരോപണം 3- നിലവിലെ ചട്ടപ്രകാരം ഒരു സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ബന്ധപെട്ട അധികാരികളിൽ നിന്നും കെ.എൽ.യു ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പോലും ആയതിന്റെ പ്രവർത്തനം നടത്തുന്നതിന് വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ അംഗമായുള്ള പ്രാദേശിക നിരീക്ഷണ സമിതിയുടെ അംഗീകാരം ഉണ്ടെങ്കിൽ മാത്രമേ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കെട്ടിട നിർമ്മാണാനുമതി അനുവദിക്കുവാൻ പാടുള്ളു എന്ന ചട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പാലിച്ചിട്ടില്ല.

. മേൽ ആരോപണം പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള രണ്ട് കെ.എൽ.യു അനുമതികൾ പ്രകാരം ആകെയുള്ള 60 സെന്റ് കെ.എൽ.യു അനുമതിയിൽ 28.17 സെന്റ് സ്ഥലം ഉപയോഗിച്ചിട്ടുള്ളതായും 31.83 സെന്റ് സ്ഥലം ഉപയോഗിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ 266/10 നമ്പർ സർവ്വേ നമ്പറിൽപെട്ട 40 സെന്റ് സ്ഥലം പുരയിടം വിഭാഗത്തിൽപ്പെട്ടതുമാണ് എന്നും മദ്രസ്സ ഹാൾ നിർമ്മാണത്തിനായുള്ള സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലമായിരുന്നു എന്നും രണ്ട് കെ.എൽ.യു അനുമതി ലഭിച്ചിട്ടുള്ളതുമായ സ്ഥലവും പുരയിടവിഭാഗത്തിൽപെട്ട സ്ഥലവും ഡാറ്റാബാങ്കിൽ ഉൾപ്പെട്ട വന്നിട്ടുള്ളതും ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 24.05.2018 ലെ എ2-2276/2018 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം 266/3, 4, 5 എന്നീ റീസർവ്വേ നമ്പറിൽപെട്ട സ്ഥലം ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു എന്നും ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കിയതാണെങ്കിലും കെ.എൽ.യു ലഭ്യമാക്കിയിട്ടില്ലാത്തതാണെന്നും, ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കിയതാണെങ്കിലും കെ.എൽ.യു ഉത്തരവ് സമ്പാദിക്കുന്നതിന് വിധിയിൽ പരാമർശിച്ചിട്ടുള്ളതുമാണ് എന്നും ആയതിനാൽ ടിയാളുകളുടെ വാദം അംഗീകരിക്കുവാൻ കഴിയില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

* കുറ്റാരോപണം 4- മദ്രസ്സ ഹാൾ നിർമ്മാണത്തിനുള്ള കെട്ടിട നിർമ്മാണാനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ കെ.പി.ബി.ആർ 2011 ലെ റൂൾ 7 സബ് സെക്ഷൻ 8-എ പ്രകാരമുള്ള ബഹു. ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിട്ടില്ല

മേൽ ആരോപണം പരിശോധിച്ചതിൽ കെ.പി.ബി.ആർ 2011 ലെ റൂൾ 7 സബ് സെക്ഷൻ 8-എ പ്രകാരം മതപരമായ ആവശ്യങ്ങൾക്കോ അല്ലെങ്കിൽ ആരാധനക്ക് വേണ്ടിയോ കെട്ടിടം നിർമ്മാണത്തിന് ബഹു. ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ലഭ്യമാക്കണമെന്ന നിഷ്കർഷിച്ചിട്ടുണ്ട്. ടിയാളുടെ എതിർവാദത്തിൽ ബഹു. ഹൈക്കോടതിയുടെ 21.10.2015 ലെ ഡബ്ല്യൂ.പി. (സി) നമ്പർ 32159/2015 വിധി പ്രകാരം മദ്രസ്സ എന്നത് ആരാധനാലയമായോ മതപരമായ മറ്റ ആവശ്യങ്ങൾക്കുള്ളതല്ലെന്നും മദ്രസ്സ എന്നത് സ്കൂളിന് തുല്യമായ വിദ്യാഭ്യാസ സ്ഥാപനമാണ് എന്ന ഉത്തരവ് നിലവിലുള്ളതിനാലും ആഭ്യന്തര (എസ്.എസ്.എ) വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 02.05.2009 ലെ 14568/എസ്.എസ്.എ3/09/ആഭ്യന്തര നമ്പർ കത്ത് പ്രകാരം മദ്രസ്സ എന്നത് ആരാധനാലയമല്ലെന്നതിനാൽ പള്ളിയോട് ചേർന്ന് നിർമ്മിക്കുന്നതെങ്കിൽ പോലും ബഹു. ജില്ലാ കളക്ടറുടെ അനുമതി ആവശ്യമില്ലാത്തതാണെന്നും പ്രസ്തുത മദ്രസ്സ ഹാൾ പള്ളിയിൽ നിന്നും 45 മീറ്റർ അകലെയാണുള്ളതെന്നും വിദ്യാഭ്യാസ ആവശ്യത്തിനുള്ള ഗ്രൂപ്പ് ബി ഒക്കുപൻസിയിലുള്ള കെട്ടിടത്തിനാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നതിനാൽ ടിയാളുടെ വാദം അംഗീകരിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയിതിട്ടുണ്ട്

* കുറ്റാരോപണം 5-കെ.പി.ബി.ആർ 2011 ലെ ചട്ടം 57 സെന്റ് സെക്ഷൻ 80 എ പ്രകാരം അസംബ്ളി

കെട്ടിടത്തിന് ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ അംഗീകാരം വാങ്ങാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി നൽകി.

മേൽ ആരോപണം പരിശോധിച്ചതിൽ അപേക്ഷകൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ഗ്രൂപ്പ് ബി ഒക്കുപെൻസി വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടത്തിനാണ്. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടെ സ്ഥലപരിശോധനാ റിപ്പോർട്ടിലും ഗ്രൂപ്പ് ബി ഒക്കുപെൻസിയിലുള്ള വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് നൽകിയിരിക്കുന്നതും ഗ്രൂപ്പ് ബി ഒക്കുപെൻസിയിലുള്ള കെട്ടിടമായതിനാൽ അഗ്നിശമന സേന വിഭാഗത്തിന്റെ എൻ.ഒ.സി ആവശ്യമില്ലാത്തതാണെന്നും ടിയാളുകളുടെ വാദം അംഗീകരിക്കാവുന്നതാണ് എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് 26.02.2020 ൽ ഹിയറിങ് അനുവദിച്ചിരുന്നു. നേരിൽ കേട്ട വേളയിൽ ശ്രീ. അബ്ദുൾ നാസർ ബോധിപ്പിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.

40.5 സെന്റ് പുരയിടം വിഭാഗം സ്ഥലവും കെ.എൽ.യു. അനുമതി നേരത്തെ ലഭിച്ചതിൽ 31.83 സെന്റ് സ്ഥലം ഇതുവരെ ഉപയോഗിച്ചിട്ടില്ലാത്തതുമാണ്. ആ വിസ്തീർണ്ണമുള്ള സ്ഥലംകൂടി മദ്രസ നിർമ്മാണത്തിന് പരിഗണിക്കാവുന്നതാണ്. പ്രസ്തുത നിർമ്മാണത്തിന് 32 സെന്റ് സ്ഥലം മതിയാകുന്നതാണ്. ഈ വസ്തുതകൾ കൂടി പരിഗണിച്ചാണ് സ്ഥല പരിശോധനയും റിപ്പോർട്ടിനുമായി ഫയൽ എൽ.എസ്.ജി.ഡി. വിഭാഗത്തിന് കൈമാറിയത്. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ അനുകൂല ശുപാർശ ലഭിച്ചതിനാലാണ് പെർമിറ്റ് നൽകിയിട്ടുള്ളത്.വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന സമിതി 300 ച.മീറ്ററിൽ അധികരിക്കാത്ത ഏക വാസഗൃഹ നിർമ്മിതിയ്ക്ക് മാത്രമാണ് പരിശോധന നടത്തി അനുമതി നൽകാറുള്ളത്. പെർമിറ്റ് നൽകിയിട്ടുള്ള നിർദ്ദിഷ്ട കെട്ടിടം വിദ്യാഭ്യാസ ഗണത്തിൽ ഉൾപ്പെട്ടതാണ്. 266/3,4,5 റീ സർവ്വേയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥലവും പൂർണ്ണമായും ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണെന്നും ആയത് പരിഗണിച്ച് ശിക്ഷാ നടപടികളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി നൽകണമെന്നും ശ്രീ. അബ്ദുൾ നാസർ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഹംസ ബോധിപ്പിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണത്തിലുമുള്ള അഭിപ്രായ കുറിപ്പിൽ 156.5 സെന്റ് സ്ഥലത്തിന് കെ.എൽ.യു. അനുമതി ലഭിച്ചിട്ടുള്ളതായി പറയുന്ന പ്രകാരം പ്രതിവാദ പത്രികക്കുള്ള മറുപടിയിലോ അന്വേഷണ സമയത്തോ താൻ വിശദീകരിച്ചിട്ടില്ലെന്നും നിലം, പുരയിടം വിഭാഗം സ്ഥലങ്ങൾ ഉള്ളതിനാൽ ഏതു സർവ്വേ നമ്പറിൽ നിർമ്മാണം നടക്കുന്നുവെന്നത് സംബന്ധിച്ച് അവ്യക്തതയുള്ളതിനാൽ നിലം, പുരയിടം എന്ന് രേഖപ്പെടുത്തി തുടർനടപടികൾക്ക് നിർദ്ദേശത്തിനായി കുറിപ്പെഴുതി ഫയൽ സെക്രട്ടറിയ്ക്ക് സമർപ്പിക്കുകയാണ് ചെയ്തത് എന്നും ഏതു സർവ്വേ നമ്പറിൽ നിർമ്മാണം നടക്കുന്നുവെന്ന് ഫയൽ പരിശോധിച്ച് മാത്രം തനിക്ക് ബോധ്യമാകുന്ന കാര്യമല്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ തനിക്ക് വീഴ്ച സംഭവിച്ചിട്ടില്ലെന്നും കൂടാതെ 23.02.2017-ലെ ആലത്തൂർ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം 266/4 റീ സർവ്വേയിൽ ഉൾപ്പെട്ട

സ്ഥലത്താണ് നിർമ്മാണം നടന്നു വരുന്നതെന്ന് സെക്രട്ടറിയെ അറിയിച്ചതായി റിപ്പോർട്ടിൽ പറയുന്നുണ്ടെന്നും പ്രസ്തുത അപേക്ഷ ലഭിച്ചത് 19.12.2015-ലും കെട്ടിട നിർമ്മാണാനുമതി നൽകിയത് 08.01.2016-ലുമാണെന്നും അതിനുശേഷം ഒരുവർഷം കഴിഞ്ഞാണ് വില്ലേജ് ഓഫീസറുടെ പ്രസ്തുത റിപ്പോർട്ടെന്നും ബോധിപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി നൽകുന്ന സമയത്തു സെക്രട്ടറിയുടെയോ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ നിലം വിഭാഗം സ്ഥലത്താണ് നിർമ്മാണം നടക്കുന്നതെന്ന് സൂചിപ്പിച്ചിട്ടില്ലെന്നും കൂടാതെ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന് വിരുദ്ധമായി ഒരു നടപടിയും ശുപാർശയും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത ഫയൽ കൈകാര്യം ചെയ്തു എന്ന ഒരൊറ്റ കാരണം കൊണ്ട് മാത്രം തന്റെ വീഴ്ചയാക്കി കുറ്റാരോപണം ചുമത്തുന്നതിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ശ്രീ. ഹംസ ബോധിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26.11.2019-ലെ എവിഎസ്-13493/18 നമ്പർ റിപ്പോർട്ടിലെ കുറ്റാരോപണം (2) നുള്ള എതിർവാദ പത്രികയിലും ഔപചാരിക അന്വേഷണത്തിലുമുള്ള അഭിപ്രായ കുറിപ്പിൽ അപേക്ഷകൻ കെട്ടിട നിർമ്മാണത്തിന് 32 സെന്റ് സ്ഥലം മതിയാകുന്നതാണ് എന്നും അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള കൈവശ സർട്ടിഫിക്കറ്റ് പ്രകാരം 40.5 സെന്റ് സ്ഥലം പുരയിടം വിഭാഗം സ്ഥലമുണ്ടെന്നും കെ.എൽ.യു. അനുമതി ലഭിച്ചതിൽ 31.83 സെന്റ് സ്ഥലം ഉപയോഗിക്കാതെ ഉണ്ടെന്നും ആയതിനാൽ ഇതിനു വിരുദ്ധമായി കെ.എൽ.യു. അനുമതി ആവശ്യമുള്ള സ്ഥലത്ത് നിർമ്മാണം നടത്തുന്നുവെന്നത് ഫയൽ പരിശോധിച്ച മാത്രം തനിക്ക് ബോധ്യമാകുന്ന കാര്യമല്ലെന്നും താൻ സ്ഥല പരിശോധന നടത്തിയിട്ടില്ലെന്നും മാത്രവുമല്ല ഇതിനുള്ള സാങ്കേതിക പരിജ്ഞാനവും തനിക്കില്ലെന്ന വിവരം ബോധിപ്പിച്ചിട്ടുണ്ടെങ്കിലും തന്റെ വാദം അംഗീകരിച്ചിട്ടില്ലെന്നും ആയതിന് കാരണമായി പ്രസ്തുത റിപ്പോർട്ടിൽ പറയുന്നത് 23.02.2017-ലെ ആലത്തൂർ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം 266/4-ൽ ഉൾപ്പെട്ട സ്ഥലത്താണ് നിർമ്മാണം നടക്കുന്നുവെന്നത് സെക്രട്ടറിയെ അറിയിച്ചിരുന്നു എന്നാണ് എന്നും ആ വാദം തന്നെ തെറ്റാണെന്നും കെട്ടിട നിർമ്മാണാനുമതി നൽകിയത് 08.01.2016-ലും പ്രസ്തുത വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് 23.02.2017-ലുമാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. ഏതു സർവ്വേ നമ്പറിലാണ് നിർമ്മാണം നടത്തുന്നുവെന്നത് സെക്രട്ടറി വ്യക്തത വരുത്തേണ്ടതാണെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ തന്റെ വീഴ്ച എന്തെന്ന് പരാമർശിച്ചിട്ടില്ലെന്നും സെക്രട്ടറിയുടെയോ, അസിസ്റ്റന്റ് എഞ്ചിനീയറുടെയോ റിപ്പോർട്ടിൽ ന്യൂനതകൾ അപേക്ഷകനെ അറിയിക്കുന്നതിന് പരാമർശിക്കുകയോ നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ല എന്നും ആയതിനാൽ സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ ഇതിൽ കൂടുതലായി തനിക്ക് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ലെന്നും തന്റെ ഭാഗത്തുനിന്ന് ഒരു തരത്തിലുള്ള വീഴ്ചയും സംഭവിച്ചിട്ടില്ലെന്നും കെട്ടിട നിർമ്മാണാനുമതി നൽകി ഒരുവർഷം കഴിഞ്ഞ് ലഭിച്ച വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ആധാരമാക്കി സെക്രട്ടറിയ്ക്കൊപ്പം പ്രസ്തുത കുറ്റം തന്റെ മേൽ ചുമത്തുന്നതിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ. ഹംസ അപേക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26.11.2019-ലെ എവിഎസ്.13493/18 നമ്പർ റിപ്പോർട്ടിലെ കുറ്റാരോപണം (3) നുള്ള എതിർവാദ പത്രികയിലും ഔപചാരിക അന്വേഷണത്തിലുമുള്ള അഭിപ്രായക്കുറിപ്പിൽ 40.5 സെന്റ് സ്ഥലം പുരയിടം വിഭാഗം സ്ഥലം ഉള്ളതിനാലും കെ.എൽ.യു. അനുവദിക്കപ്പെട്ടതിൽ 31.83 സെന്റ് സ്ഥലം ഉപയോഗിക്കാതെയുള്ളതിനാലും പ്രസ്തുത കെട്ടിട നിർമ്മാണത്തിന് 32 സെന്റ് സ്ഥലം മതിയാകുമെന്നതിനാലുമാണ് ഡാറ്റാ ബാങ്ക് സംബന്ധിച്ച കൂടുതൽ പരിശോധനകൾ ഉണ്ടാവാതിരുന്നതെന്നും ബോധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണം നടക്കുന്ന സ്ഥലം ആലത്തൂർ ടൗണിൽ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നതും 3 നില കെട്ടിടങ്ങൾ വരെ ഉയരമുള്ള ഏകദേശം 50 തെങ്ങുകൾ ഉള്ളതും ചുറ്റമതിൽ കെട്ടിയിട്ടുള്ളതും മുൻവശത്ത് ഷോപ്പിംഗ് കോംപ്ലക്സും ചുറ്റും ജനനിബിഢമായ സ്ഥലമാണെന്നും ആലത്തൂർ മെയിൻ റോഡിൽ നിന്ന് നേരിട്ട് പ്രസ്തുത സ്ഥലത്ത് പ്രവേശിക്കുന്ന തരത്തിലുള്ള ഇടമാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള 266/3,4,5 റീ സർവ്വേയിൽ ഉൾപ്പെടുന്ന മുഴവൻ സ്ഥലവും ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതിനാലും ഇക്കാര്യം തന്റെ വീഴ്ചയായി കണക്കാക്കാവുന്നതല്ലെന്നും ശ്രീ. ഹംസ ബോധിപ്പിച്ചിട്ടുണ്ട്.

ലഭ്യമായ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിന്റെ ഭാഗമായി രേഖകൾ പരിശോധിച്ച് നിലം, പുരയിടം വിഭാഗം സ്ഥലത്ത് നിർമ്മാണം നടത്തുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ആയതിൽ തുടർനടപടി എന്തു സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നതിനായി വ്യക്തമായി കുറിപ്പെഴുതി സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുള്ളതും സെക്രട്ടറിയുടെ നിർദ്ദേശാനുസരണം തുടർനടപടി സ്വീകരിക്കുക മാത്രമാണ് സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ താൻ സ്വീകരിച്ചിട്ടുള്ളതെന്നും ശ്രീ. ഹംസ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാര്യം ഇക്കാര്യം പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണറിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദങ്ങൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ആലത്തൂർ ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അബ്ദുൽ നാസർ, സീനിയർ ക്ലാർക്ക് ശ്രീ. എസ്.ഹംസ എന്നിവർ പൂർണ്ണമായും കുറ്റക്കാരല്ലെന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. നിലം വിഭാഗത്തിലുള്ള സ്ഥലത്ത് മദ്രസ്സ ഹാൾ നിർമാണത്തിനു കെ.എൽ.യു അനുമതി ലഭിക്കാതെ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചത് സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും വീഴ്ചയായി കണക്കാക്കാവുന്നതാണ്. അപേക്ഷകൻ ഏതെങ്കിലും പ്രത്യേക സർവ്വേ നമ്പറിലാണ് നിർമ്മിക്കുന്നതെന്ന് അപേക്ഷയിലോ പ്ലാനിലോ വ്യക്തമാക്കാതിരുന്നതിനാൽ ഏത് സർവ്വേ നമ്പറിലാണ് നിർമ്മാണം നടത്തുന്നതെന്ന് സെക്രട്ടറി വ്യക്തത വരുത്തിയതിനുശേഷമേ നിർമ്മാണാനുമതി നൽകുവാൻ പാടുള്ളു. ബഹു. കേരള ഹൈക്കോടതിയുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 24.05.2018 ലെ എ2-2276/2018 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം 266/3, 4, 5 എന്നീ റീസർവ്വേ നമ്പറിൽപെട്ട സ്ഥലം ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കിയതാണെങ്കിലും, കെ.എൽ.യു ലഭ്യമാക്കിയിട്ടില്ലാത്തതാണെന്നും ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കിയതാണെങ്കിലും കെ.എൽ.യു ഉത്തരവ് സമ്പാദിക്കുന്നതിന് വിധിയിൽ പരാമർശിച്ചിട്ടുള്ളതിനാൽ കെ.എൽ.യു ലഭ്യമാക്കാതിരുന്നത് ഇവരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി കാണാവുന്നതാണ്. ആയതിനാൽ ഇവർക്കെതിരെ ഉന്നയിച്ചിട്ടുള്ള 1,2,3 എന്നീ കുറ്റാരോപണങ്ങളിൽ നിന്നും ഒഴിവാക്കുവാൻ കഴിയുകയില്ല. എന്നാൽ 4ഉം5ഉം കുറ്റാരോപണങ്ങളിൽ ഇവർ ഉന്നയിച്ചുള്ള വാദങ്ങൾ അംഗീകരിച്ച് മുൻ പഞ്ചായത്ത് സെക്രട്ടറി അബ്ദുൽ നാസർക്ക് നൽകിയിരിക്കുന്ന ശിക്ഷയിൽ ഇളവുവരുത്തി പ്രതിമാസം 300/- രൂപാവീതം 2 വർഷത്തേക്ക് തുടർച്ചയായി കുറവുവരുത്താവുന്നതാണെന്നും, സീനിയർ ക്ലാർക് ശ്രീ.എസ്.ഹംസക്കെതിരെ ആരംഭിച്ച കഠിന ശിക്ഷയിൽ ഇളവുവരുത്തി ലഘുശിക്ഷയാക്കി ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലപ്രാബല്യമില്ലാതെ ഒരുവർഷത്തേക്ക് തടയാവുന്നതാണെന്നും താൽക്കാലിക തീരുമാനമെടുക്കുകയും ഇക്കാര്യം ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ടിയാളുകളെ അറിയിച്ചിട്ടുള്ളതുമാണ്. ആലത്തൂർ ഗ്രാമപഞ്ചായത്തിൽ നിയമവിരുദ്ധമായി കെട്ടിടനിർമ്മാണാനുമതി നൽകിയെന്ന ആരോപണത്തിന്മേൽ ശ്രീ. അബ്ദുൽ നാസറുടെ പെൻഷനിൽ നിന്നും പ്രതിമാസം 300/- രൂപാവീതം 2 വർഷത്തേക്ക് തുടർച്ചയായി കുറവുവരുത്താവുന്നതാണെന്ന തീരുമാനത്തിന്മേൽ ബഹു. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയുണ്ടായി. എന്നാൽ "കുറ്റത്തിന്റെ സ്വഭാവവും ഗൗരവവും കണക്കിലെടുക്കുമ്പോൾ കുറ്റാരോപിതന് നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ പ്രതിപാദിച്ചിട്ടുള്ള ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുക എന്ന ശിക്ഷ നൽകാവുന്നതാണ്" എന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ ഉപദേശം നൽകുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ നിയമവിരുദ്ധമായി കെട്ടിടനിർമ്മാണാനുമതി നൽകിയെന്ന ആരോപണത്തിന്മേൽ ശ്രീ. അബ്ദുൽ നാസറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ പെൻഷനിൽ നിന്ന് പ്രതിമാസം 500/- രൂപാവീതം 2 വർഷത്തേക്ക് തുടർച്ചയായി കുറവുവരുത്തി കൊണ്ടും, സീനിയർ ക്ലാർക് ശ്രീ.എസ്.ഹംസക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലപ്രാബല്യമില്ലാതെ ഒരുവർഷത്തേക്ക് തടഞ്ഞു കൊണ്ടും അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. അബ്ദുൾ നാസർ, മുൻ സെക്രട്ടറി, ആലത്തൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. ശ്രീ.എസ്. ഹംസ, മുൻ സീനിയർ ക്ലാർക്ക് ആലത്തൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

8. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി4/111/2020-വിജി. തീയതി 24.09.2020പ്രകാരം

9. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

10. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/204/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.04.22 12:48:20 IST
Reason: Approved

സെക്ഷൻ ഓഫീസർ